"ഭരണഭാഷ-മാതൃഭാഷ "

**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം തിരുവനന്തപുരം.**
**( സാന്നിദ്ധ്യം: എസ്. ആനന്ദകൃഷ്ണൻ. ഐപിഎസ് )**

വിഷയം: എക്സൈസ് ഭരണപരം - വയനാട് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 08/10/2015-ലെ 7180/എഫ് 1/13/റ്റി.ഡി നമ്പർ സർക്കാർ കത്ത്.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) 2020/2017 നമ്പർ അന്യായത്തിലെ 19.09.2017-ലെ ഇടക്കാല ഉത്തരവ്.
3. ഈ ഓഫീസിലെ 12/03/2019-ലെ EXC/1074/2016/XD3-WYND-ാം നമ്പർ നടപടി ക്രമം.
4. വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 16/02/2019, 10/04/2019, 24/06/2019, 30/05/2019, 24/07/2019 തീയ്യതികളിലെ W1-3213/2016-ാം നമ്പർ കത്തുകൾ.

**ഉത്തരവ് നമ്പർ ഇ.എക്സ്.സി/1074/16/ എക്സ്.ഡി3-WYND തീയതി:19/10/2019**

വയനാട് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.സിജോ.സി.കെ, സജിമോൻ.പി.ടി, രാജേഷ് കോമത്ത്, പി.ഡി.സുരേഷ്, എം.സുരേഷ് എന്നിവർ പരാതി സമർപ്പിക്കുകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് നിവേദകരെ 26/07/2019-ൽ നേരിൽ കേൾക്കുകയുണ്ടായി. സ/ശ്രീ. രാജേഷ് കോമത്ത്, സജിമോൻ.പി.ടി, എന്നിവർക്ക് അവരുടെ പ്രൊമോഷൻ തീയതിയായ 22/08/2009 പ്രാബല്യത്തിൽ പ്രിവന്റീവ് ഓഫീസർ കേഡറിൽ അസൈൻമെന്റ് നൽകണമെന്ന് ഹിയറിംഗ് വേളയിൽ ആവശ്യപ്പെടുകയുണ്ടായി. ശ്രീ.സുരേഷ്.പി.ഡി 13/05/2011-ൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യപ്പെട്ടെങ്കിലും ടിയാളുടെ പേര് പരാമർശിത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് പരാതിപ്പെടുകയുണ്ടായി. സ/ശ്രീ. സജിമോൻ.പി.ടി, രാജേഷ് കോമത്ത്, എന്നിവരുടെ പ്രൊമോഷൻ കെ.എസ് &എസ്.എസ്,ആർ റൂൾ 31 (എ)

പ്രകാരമുള്ള താൽക്കാലിക പ്രൊമോഷൻ മാത്രമായിരുന്നെന്നും Kerala Excise & Prohibition Subordinate Service Special Rule അനുശാസിക്കും പ്രകാരമുള്ള പ്രൊമോട്ടീ/ഡയറക്ട് പ്രിവന്റീവ് ഓഫീസർമാരുടെ റേഷ്യോ പ്രകാരമുള്ള റഗുലർ പ്രൊമോഷൻ തീയതിയാണ് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ചേർത്തിട്ടുള്ള തെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഓഫീസ് പ്രതിനിധി അറിയിക്കുകയു ണ്ടായി. ശ്രീ.സുരേഷ്.പി.ഡി യ്ക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ റഗുലർ പ്രൊമോഷന് ഈ സീനീയോരിറ്റി ലിസ്റ്റ് കാലയളവിൽ അർഹനല്ലെന്നും ആകയാൽ ടിയാന്റെ ആവശ്യം പരിഗണനാർഹമല്ലെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പ്രതിനിധി അറിയിക്കുകയുണ്ടായി.

2. ശ്രീ.സിജോ.സി.കെ 10/04/2019-ൽ സമർപ്പിച്ച പരാതിയിൽ 03/06/2008 തീയതിയിൽ വയനാട് ജില്ലയിൽ 42 പ്രിവന്റീവ് ഓഫീസർ തസ്തികകളാണ് ഉണ്ടായിരുന്ന തെന്നും ആയതിനാൽ 3:1 എന്ന അംശബന്ധത്തിൽ 32 തസ്തികകൾ സ്ഥാനക്കയറ്റം വഴിയും 10 തസ്തികകൾ നേരിട്ടുള്ള നിയമനം വഴിയുമാണ് നികത്തേണ്ടിയിരുന്നത്. പ്രസ്തുത തീയതി വരെയുള്ള സീനിയോറിറ്റി ലിസ്റ്റുകൾ പരിശോധിച്ചതിൽ ടി തീയതിയിൽ സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച 33 പ്രിവന്റീവ് ഓഫീസർ മാരുടെയും നേരിട്ടുള്ള നിയമനം ലഭിച്ച 2 പ്രിവന്റീവ് ഓഫീസർമാരു ടെയും ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി നീക്കി വച്ചിരുന്ന 9 RFDR ഒഴിവുകളുമാണ് ഉണ്ടായിരുന്നതെന്നും എന്നാൽ ഇപ്രകാരം നീക്കി വച്ച 9 RFDR ഒഴിവുകളിൽ 8 എണ്ണം മാത്രമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നതിനാൽ നേരിട്ടുള്ള നിയമനത്തിനായുള്ള 25% അംശബന്ധം (ആകെ 10 എണ്ണം) 03/06/2008 തീയതിയിൽ യഥാവിധി പാലിച്ചിരുന്നതായി കാണാവുന്നതാണെങ്കിലും സ്ഥാനക്കയറ്റം വഴി നിയമനം നൽകേണ്ട 32 തസ്തികകളുടെ സ്ഥാനത്ത് പ്രസ്തുത തീയതി പ്രകാരം 33 പ്രിവന്റീവ് ഓഫീസർമാർക്ക് അസൈൻമെന്റ് നൽകിയിരിക്കു ന്നതായി ആക്ഷേപം ഉന്നയിച്ചിരുന്നു.

31/05/2016-ലെ EXC/1074/2016-XD3 നമ്പർ സർക്കുലർ പ്രകാരം ഇത്തരത്തിൽ നിയമാനുസരണമുള്ള അംശബന്ധത്തിൽ അധികമായി സ്ഥാനക്കയറ്റം വഴി അസൈൻമെന്റ് നൽകിയിട്ടുണ്ടെങ്കിൽ തുല്യ എണ്ണം ഒഴിവുകൾ 01/01/2009 തീയതി മുതലുള്ള സീനിയോരിറ്റി ലിസ്റ്റിലെ ആകെ ഒഴിവുകളിൽ നീക്കി വയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഇത്തരത്തിൽ അധികമായി അനുവദിച്ച് നൽകിയിട്ടുള്ള ഒരു ഒഴിവിന് പകരം സീനിയോരിറ്റി ലിസ്റ്റിൽ ഒഴിവ് നീക്കി വച്ചിട്ടുള്ളതായി കാണുന്നില്ല എന്നും പ്രസ്തുത അപാകത പരിഹരിച്ച് ജില്ലയിലെ ആകെ അംഗബലം ക്രമീകരിക്കുന്നതിനായി ഒരു ഒഴിവ് ആർക്കും അസൈൻമെന്റ് നൽകാതെ നീക്കി വയ്ക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെടുകയുണ്ടായി. 31/12/2008 വരെ പ്രസിദ്ധീകരിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റുകൾ പ്രകാരം പ്രസ്തുത തീയതിയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ ജില്ലയിലെ ആകെ അംഗബലമായ 42 എണ്ണം അധികരിച്ച് 44 ഒഴിവുകളിൽ അസൈൻമെന്റ് നൽകിയിരിക്കുന്നതായും മേൽ വിശദീകരിച്ച പ്രകാരം ആയതിൽ നേരിട്ടുള്ള നിയമനത്തിനുള്ള ഒരൊഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്തതിനാൽ ക്രമീകരിക്കപ്പെട്ടിട്ടുള്ളതും എന്നാൽ സ്ഥാനക്കയറ്റം വഴി നിയമനം നൽകിയ ഒരൊഴിവ് അധികരിച്ചിട്ടുള്ളതുമാണ് എന്നും 31/12/2008 തീയതി പ്രകാരം നിലവിലുണ്ടായിരുന്ന ടി പ്രിവന്റീവ് ഓഫീസർമാരിൽ നിന്നും 4 റിട്ടയർമെന്റ് ഒഴിവുകളും ഒരു പ്രിവന്റീവ് ഓഫീസർ തസ്തിക സൃഷ്ടിച്ച ഒഴിവും ഒരു പ്രൊമോഷൻ ഒഴിവും (ഉൾപ്പെടെ 6 ഒഴിവുകൾ) മാത്രമാണ് 01/01/2009 മുതൽ 19/08/2011 വരെയുള്ള കാലയളവിൽ ഉണ്ടായിട്ടുള്ളത് എന്നും എന്നാൽ പരാമർശം (3) പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നേരിട്ട് നിയമനം ലഭിച്ച 3 പ്രിവന്റീവ് ഓഫീസർമാരെ കൂടാതെ 8 ഒഴിവുകളിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് അസൈൻമെന്റ് നൽകിയിരിക്കുന്നതായും ഇപ്രകാരം ടി ലിസ്റ്റിൽ ജില്ലയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലുള്ള ആകെ അംഗബലം മറികടന്ന് അധികമായി അസൈൻമെന്റ് നൽകിയിട്ടുള്ള 2 ഒഴിവുകൾ നീക്കം ചെയ്ത് ടി

സീനിയോറിറ്റി ലിസ്റ്റ് ക്രമപ്പെടുത്തണമെന്നും ശ്രീ.സിജോ.സി.കെ അഭ്യർത്ഥിക്കുകയുണ്ടായി.

3. പാലക്കാട് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസറായ ശ്രീ.എം.സുരേഷ് നൽകിയ പരാതിയിൽ വയനാട് ജില്ലയിലെ ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ 1 മുതൽ 4 വരെയുള്ള ക്രമനമ്പരിനു നേരെയുള്ള വേക്കൻസി ഒക്കറൻസ് വയനാട് ജില്ലയിലെ 01.07.2003 മുതൽ 31.12.2008 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ അസൈൻമെന്റ് നൽകിയിട്ടുള്ളതായി ആരോപണം ഉന്നയിച്ചിട്ടുണ്ട്.

4. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ Kerala Excise & Prohibition Subordinate Service Special Rules പ്രകാരം സ/ശ്രീ.രാജേഷ് കോമത്ത്, സജിമോൻ.പി.റ്റി എന്നിവരുടെ ആവശ്യവും ശ്രീ.സുരേഷ്.പി.ഡിയുടെ ആവശ്യവും പരിഗണനാർഹമല്ലെന്നും കാണുന്നു. കൂടാതെ സീനിയോറിറ്റി ലിസ്റ്റിന്റെ കാലയളവിൽ 4 റിട്ടയർമെന്റ് ഒഴിവുകളും തസ്തിക സൃഷ്ടിക്കൽ മൂലമുള്ള ഒരൊഴിവും ഉൾപ്പെടെ 5 ഒഴിവുകളാണുള്ളത്. പ്രിവന്റീവ് ഓഫീസർ ശ്രീ.വി.കൃഷ്ണൻ 31/10/2011 തീയതിയിലാണ് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യപ്പെട്ടതെന്നും ആകയാൽ ടി അസൈൻമെന്റ് നിലവിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലയെന്നും വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പരാമർശ കത്തു പ്രകാരം അറിയിക്കുകയും ടി ന്യൂനതകൾ പരിഹരിച്ച് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിന്റെ കരട് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

5. മേൽ പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അസി.എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്)മാരായ ശ്രീ. എസ്.രാധാകൃഷ്ണൻ, ശ്രീ.പ്രസാദ് മാത്യു എന്നിവർ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 2020/17 നമ്പർ

അന്യായം ഉൾപ്പെടെ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ /അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റി സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായും വയനാട് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

*ഒപ്പ്/-*
***എക്സൈസ് കമ്മീഷണർ***

ഗ്രാഹകൻ
    വ്യക്തികൾക്ക്

<u>പകർപ്പ്</u>
1. അഡീ.എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. ഉത്തരവ് ഫയൽ /കരുതൽ ഫയൽ.

*അംഗീകാരത്തോടെ,*

***സൂപ്രണ്ട്***

ജെ.എം

Appended to Order No. EXC/1074/2016-XD3-WYND dated : 19/10/2019

# FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01/01/2009 to 19/08/2011

## WAYANAD DIVISION

**Cadre Strength as on 01/01/2009 : 42**

**Cadre Strength as on 19/08/2011 : 43**

| Sl. No. | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service | Test Qualifications | Date on which fully qualified for the post of Preventive Officer | Date of assignment in the post of Preventive Officer | Date of Advice/ Occurence of Vacancy in the cadre of Preventive Officer | Nature of Occurrence *(Retirement/ Promotion/ Death/ Creation)* | Date on which Promoted/ Appointed to the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | Aneesh Jose | SSLC | 04-02-1981 | 22-09-2010 | Ex.Test, MOP A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 2 | Raju M. | SSLC | 25-05-1985 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 3 | Assignment not given for maintaining cadre strength | | | | | | | 01-04-2010 | Retirement of Kumaran P.P. | |
| 4 | K.B. Baburaj | SSLC | 10-03-1968 | 28-11-2001 | PO Test, Ex.Test MOP, A/c Test | Dec 2003 | 15-06-2010 | 15-06-2010 | Creation of post as per GO(Ms)No.149/2010/TD dated 15/06/2010 | 23-10-2007 |
| 5 | S. Ershad | SSLC | 07-04-1984 | 20-06-2011 | Ex.Test, MOP A/c Test | 29-03-2011 | 29-03-2011 | 29-03-2011 | Direct Recruitment | 20-06-2011 |
| 6 | K. Sasi | SSLC | 21-03-1973 | 29-11-2001 | PO Test, Ex.Test MOP, A/c Test | Jul 2007 | 01-04-2011 | 01-04-2011 | Retirement of Baby P.J. | 02-01-2009 |
| 7 | M.K. Gopi | BSc | 05-05-1967 | 07-12-2001 | PO Test, Ex.Test MOP, A/c Test | Jun 2003 | 01-04-2011 | 01-04-2011 | Retirement of Kunhikrishnan E.K. | 22-08-2009 |
| 8 | K.J. Santhosh | SSLC | 01-05-1975 | 01-12-2001 | PO Test, Ex.Test MOP, A/c Test | Jan 2006 | 01-04-2011 | 01-04-2011 | Retirement of Purushothaman P. | 22-08-2009 |

***Sd/-***
**Excise Commissioner**